സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടപടി എടുത്തിരുന്നു. അതുപ്രകാരം അന്വേഷണം നടത്തി ടേൺ ഓവർ കണ്ടെത്തി അസസ്മെന്റ് നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. മറ്റ് കേസുകളിലും നികുതി നിർണ്ണയിക്കുന്നതിന് നടപടികൾ തുടർന്നുവരുന്നു.

(സി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത നടപടികൾ കോടതി സ്റ്റേ ചെയ്യുകയും വാണിജ്യ നികുതി കമ്മീഷണറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോടതി അംഗീകരിച്ചതനുസരിച്ച് നടപടികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും നികുതി പിരിച്ചെടുക്കാൻ നിർദ്ദേശിച്ചു കൊണ്ട് വാണിജ്യ നികുതി കമ്മീഷണറുടെ വിശദീകരണത്തിനെതിരെ സമർപ്പിച്ച അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിക്കളഞ്ഞതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്താനും നികുതി പിരിച്ചെടുക്കാനും നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

(ഇ ആന്റ് എഫ്) സംസ്ഥാനത്ത് എല്ലാത്തരം ലോട്ടറികളും നിരോധിക്കുകയും ലോട്ടറി വിമുക്ത മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂളുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി

*8 [38] ശ്രീ. വർക്കല കഹാർ:
„ ഡോ. എം. എ. കുട്ടപ്പൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
„ കെ. വി. തോമസ്:
„ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചതെന്നാണ്;

(ബി) ഈ പദ്ധതി പ്രകാരം എത്ര സ്കൂളുകളിൽ ശുദ്ധജലമെത്തിച്ചു;

(സി) ആകെ എന്തു തുക ചെലവായി;

(ഡി) ഇനി എത്ര സ്കൂളുകളിൽ കൂടി ശുദ്ധജലമെത്തിക്കുവാൻ പദ്ധതിയുണ്ട്?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) കേരള വാട്ടർ അതോറിറ്റി 2000-01 മുതലും സെക്ടർ റിഫോംസ് പ്രോജക്ട് സുജൽധാരാ II പദ്ധതി നടപ്പിലാക്കുന്ന കാസർഗോഡ്, കൊല്ലം ജില്ലകളിലും കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസിയുടെ ജലനിധിപദ്ധതി 2003 മുതലും സ്കൂളുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചു.

(ബി) കേരള വാട്ടർ അതോറിറ്റി 947 സ്കൂളുകളിലും സെക്ടർ റിഫോംസ്, സുജൽധാരാ II പ്രോജക്ടുകൾക്ക് കീഴിൽ കാസർഗോഡ് ജില്ലയിൽ 34 സ്കൂളുകളിലും കൊല്ലം ജില്ലയിൽ 22 സ്കൂളുകളിലും ജലനിധിപദ്ധതി പ്രകാരം 6 സ്കൂളുകളിലും ശുദ്ധജലമെത്തിക്കാൻ സാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള വാട്ടർ അതോറിറ്റി 504.22 ലക്ഷം രൂപ സെക്ടർ റിഫോംസ് സ്വജൽധാരാ II കാസർഗോഡ് ജില്ല-5413960 രൂപ, കൊല്ലം ജില്ല 20 ലക്ഷം രൂപ, ജലനിധി-620068 രൂപ

(ഡി) കേരള വാട്ടർ അതോറിറ്റി 1408 സ്കൂളുകളിൽ. സെക്ടർ റിഫോംസ് സ്വജൽധാരാ II കാസർഗോഡ് ജില്ല 26 സ്കൂളുകളിൽ; കൊല്ലം ജില്ല-23 സ്കൂളുകളിൽ; ജലനിധി-150 സ്കൂളുകളിൽ.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

*9 [39] ശ്രീ. വി. ചെന്താമരാക്ഷൻ:
" ടി. കെ. ബാലൻ:
" എം. വി. ഗോവിന്ദൻ മാസ്റ്റർ:
" എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) 2002 മാർച്ച് മാസം മുതൽ അർഹതപ്പെട്ട ശമ്പളപരിഷ്കരണം നീണ്ടു പോകുന്നതിൽ ജീവനക്കാരിൽ അസംതൃപ്തിയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ശമ്പള പരിഷ്കരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ശമ്പള പരിഷ്കരണം നീളുന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ശമ്പള പരിഷ്കരണത്തിനുവേണ്ടി കമ്മീഷൻ രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിനു സർക്കാർ തയ്യാറാണ്.

(ബി) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മിക്കവാറും എല്ലാ സർവ്വീസ് സംഘടനകളും ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 'A'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) ആലോചിച്ചിട്ടില്ല.

വാറ്റ് സമ്പ്രദായംമൂലം ഉളവാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കാൻ നടപടി

*10 [40] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ഡോ. തോമസ് ഐസക്:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly